**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 611**

**10.03.2015 - ൽ മറുപടി നൽകേണ്ടിയിരുന്നത്, (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി, വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി).**

## വിദേശരാജ്യങ്ങളിൽ നിന്നും കേരളത്തിലെത്തുന്ന പണം

..................................

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ഹംസ | **ശ്രീ. ഇ. പി. ജയരാജൻ, (വ്യവസായവും കായികവും വകുപ്പു മന്ത്രി)** |
| (എ) ഗൾഫ് രാജ്യങ്ങൾ ഉൾപ്പടെയുള്ള വിദേശ രാജ്യങ്ങളിൽ നിന്നും കേരളത്തിലെത്തുന്ന പണം സംസ്ഥാനത്തിന്റെ വ്യവസായ വികസനത്തിനായി ഏതെല്ലാം രീതിയിൽ പ്രയോജനപ്പെടുത്തുന്നു; വ്യക്തമാക്കുമോ; | (എ) : വിദേശ രാജ്യങ്ങളിൽനിന്നും കേരളത്തിൽ എത്തുന്ന പണം സംസ്ഥാനത്തിന്റെ വ്യവസായ വാണിജ്യ മേഖലയിലെ വളർച്ചയ്ക്ക് നിക്ഷേപമായി വരുന്നുണ്ട്. സ്ഥിരം ആസ്തികളായ സ്ഥലം, കെട്ടിടം, മെഷീനറികൾ എന്നിവ ആർജ്ജിക്കുന്നതിനും പ്രവർത്തന മൂലധനമായും ഉപയോഗിക്കുന്നു. പ്രവാസി മലയാളികളുടെ നേരിട്ടുള്ള നിക്ഷേപത്തോടെ സംസ്ഥാനത്ത് ടൂറിസം, ഐറ്റി അടക്കമുള്ള മേഖലകളിൽ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇൻകെൽ എന്ന സ്ഥാപനം പ്രവാസികളുടെ ഓഹരി നിക്ഷേപം അടിസ്ഥാനമാക്കി വന്നിട്ടുള്ള സ്ഥാപനമാണ്. |
| (ബി) അപ്രകാരം നിക്ഷേപം നടത്തുവാൻ തയ്യാറായി വന്നിട്ടുള്ളവരുടെ വിശദാംശം ശേഖരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകാമോ ; | (ബി) : നിക്ഷേപം നടത്തുവാൻ തയ്യാറായി വന്നിട്ടുള്ള പ്രവാസികളുടെ വിശദാംശം തയ്യാറാക്കിയിട്ടില്ല. |
| (സി) ഈ വിഭാഗത്തിൽ നിലവിൽ ഏതെല്ലാം പദ്ധതികൾ ആണ് വിജയകരമായി നടപ്പിലാക്കി വരുന്നത്; വിശദീകരിക്കാമോ ; | (സി) : 2015 ജനുവരി 16, 17 തീയതികളിൽ കൊച്ചിയിൽ നടന്ന ആഗോള മലയാളി പ്രവാസി സംഗമത്തിൽ |

സംസ്ഥാനത്തെ നിക്ഷേപ സാധ്യതകളെ പ്രവാസി മലയാളികൾക്ക് പരിചയപ്പെടുത്തി. നിക്ഷേപകർക്ക് വിവിധ അനുമതികൾ ലഭ്യമാക്കുന്നതിന് ഒരു ഏകജാലക സംവിധാനമായി നോർക്ക ബിസിനസ് ഫെസിലേറ്റഷൻ സെന്റർ പ്രവർത്തിക്കുന്നു. സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി പലിശ സബ്സിഡി നൽകിക്കൊണ്ട് നോർക്ക വകുപ്പ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് എന്ന ഒരു പുനരധിവാസ പദ്ധതിയും ദേശസാത്കൃത ബാങ്കുകളുടെ സഹകരണത്തോടുകൂടി നടപ്പിലാക്കി വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ

ജെ/08/08/16